# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഫെബ്രുവരി 1, വ്യാഴാഴ്ച

**നമ്പർ 125**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2023 മാർച്ച് 14 - ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 5124 - ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ മേശപ്പുറത്തുവച്ചു.

അടിയന്തരപ്രമേയം :

വണ്ടിപ്പെരിയാറിൽ ആറ് വയസ്സുകാരിയായ പിഞ്ചുകുഞ്ഞിനെ ക്രൂരമായി പീഡിപ്പിച്ച് കൊന്ന കേസിൽ പോലീസിന്റെയും പ്രോസിക്യൂഷന്റെയും വീഴ്ചയെ തുടർന്ന് പ്രതി കുറ്റമുക്തനാക്കപ്പെട്ടതു മൂലം കേരള സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സണ്ണി ജോസഫും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയ്ക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP. 225/2024 (i).

ശ്രദ്ധ ക്ഷണിക്കൽ :

1. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. യു. ജനീഷ് കുമാർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

2. സംസ്ഥാനത്ത് അടിയന്തരമായി ജാതി സെൻസസ് നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ഡോ. എം. കെ. മുനീർ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. ബാബു (*നെന്മാറ*) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കു ന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. ജി. എസ്. ജയലാൽ | പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ എ.പി.പി.യുടെ മരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. കെ. എം. അഷ്റഫ് | പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ | മുഖ്യമന്ത്രി |
| 4 | ശ്രീ. രമേശ് ചെന്നിത്തല | ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പമന്ത്രി |
| 5 | ശ്രീ. എൻ. കെ. അക്ബർ | ബീഡി വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പമന്ത്രി |
| 6 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | മുസ്ലീം സമുദായ സംവരണത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. ജോബ് മൈക്കിൾ | മനയ്ക്കച്ചിറ ടൂറിസം പദ്ധതി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. സി. മൊയ്തീൻ | കുന്നംകുളം കലശമല ഇക്കോ ടൂറിസം വില്ലേജ് | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. ജി. സ്റ്റീഫൻ | തിരുവനന്തപുരം-പൊന്മുടി റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. സണ്ണി ജോസഫ് | കീഴ്പ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം :

i) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപത്തിയൊന്ന് മുതൽ നാൽപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

ii) പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ ഇരുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

iii) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

നിയമനിർമ്മാണകാര്യം :

1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയങ്ങളും :

i) 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ എന്നീ അംഗങ്ങൾ ബില്ലുകളുടെ അവതരണത്തെ എതിർത്തുകൊണ്ട് ക്രമപ്രശ്നങ്ങൾ ഉന്നയിച്ച് സംസാരിച്ചു. ഉന്നയിക്കപ്പെട്ട

ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി. തുടർന്ന്, ബഹു. മന്ത്രി പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IX - ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

ശ്രീമതി ഉമ തോമസ് 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ടി. വി. ഇബ്രാഹിം നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വാഴൂർ സോമൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു.

ശ്രീ. അനൂപ് ജേക്കബ് 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. ടി. സിദ്ദിഖ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ശ്രീ. ഐ. ബി. സതീഷ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. റോജി എം. ജോൺ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി അവതരിപ്പിച്ച് സംസാരിച്ചു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

<u>ii) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ</u>

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബില്ലിന്റെ അവതരണത്തെ എതിർത്തുകൊണ്ട് ക്രമപ്രശ്നം ഉന്നയിച്ച് സംസാരിച്ചു. ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി. തുടർന്ന്, ബഹു. മന്ത്രി ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. കെ. എം. അഷ്റഫ് 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. രമേശ് ചെന്നിത്തല നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ശ്രീ. എൻ. ഷംസുദ്ദീൻ 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചു സംസാരിച്ചു ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു.

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയം സഭ തള്ളി. തുടർന്ന് അവതരിപ്പിച്ച ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭ തള്ളുകയും, ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. തുടർന്ന് 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2024 ഫെബ്രുവരി 2-ാം തീയതി, വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 03.54 - ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, February 1, 2024*

**No. 125**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Starred Question:*

The Corrected answer to starred question No. 5124 dated 14th March 2023 of Eighth session of the Fifteenth Kerala Legislative Assembly was laid on the Table by Shri K. Radhakrishnan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms and Parliamentary Affairs as authorised by Minister for General Education and Labour.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri. Sunny Joseph and five other Members regarding the serious situation reported to have arisen consequent to the concern in the Kerala community over the acquittal of the accused in the Vandiperiyar case of brutal killing after harassment of a six-year-old toddler due to the failure of the Police and the prosecution.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri K. U. Jenish Kumar called the attention of the Chief Minister to the necessity to expedite the construction of the Sabarimala Greenfield Airport. The Chief Minister made a statement thereto.

2. Dr. M. K. Muneer called the attention of the Minister for Welfare of Scheduled Castes, Schedule Tribes, Backward Classes, Devaswoms and Parliamentary Affairs to the necessity to conduct caste census in the State. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. ബാബു (*നെന്മാറ*) | പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കു ന്നതിന് നടപടി | മുഖ്യമന്ത്രി |
| 2 | ശ്രീ. ജി. എസ്. ജയലാൽ | പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ എ.പി.പി.-യുടെ മരണം | മുഖ്യമന്ത്രി |
| 3 | ശ്രീ. എ. കെ. എം. അഷ്റഫ് | പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ | മുഖ്യമന്ത്രി |
| 4 | ശ്രീ. രമേശ് ചെന്നിത്തല | ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എൻ. കെ. അക്ബർ | ബീഡി വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | മുസ്ലീം സമുദായ സംവരണത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 7 | ശ്രീ. ജോബ് മൈക്കിൾ | മനസ്സുച്ചിറ ടൂറിസം പദ്ധതി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. സി. മൊയ്തീൻ | കന്നംകുളം കലശമല ഇക്കോ ടൂറിസം വില്ലേജ് | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. ജി. സ്റ്റീഫൻ | തിരുവനന്തപുരം-പൊന്മുടി റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. സണ്ണി ജോസഫ് | കീഴ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

1) The Forty First to Forty Seventh Reports of the Committee on Public Accounts were presented.

2) The Tenth to Twenty Fourth Reports of the Committee on Public Undertakings were presented.

3) The Eleventh Report of the Committee on Private Members' Bill and Resolution was presented.

*Legislative Business :*

**1. Introduction and Motion for reference to Subject Comittee of following Bills :**

i. The Kerala Municipality (Amendment) Bill, 2024, The Kerala Punchayat Raj (Amendment) Bill, 2024

Shri M. B. Rajesh, Minister for Local Self Government, Rural Development and Excise introduced The Kerala Municipality (Amendment) Bill, 2024 and

The Kerala Punchayat Raj (Amendment) Bill, 2024 and spoke. Shri Ramesh Chennithala and Shri V. D. Satheesan, Leader of Opposition raised objections regarding the moving of the bill for taken into consideration and spoke. The Speaker ruled out the objections. Then the Minister moved that the Bills be referred to Subject Committee IX.

Smt. Uma Thomas moved the ordinance disapproval motion in respect of The Kerala Municipality (Amendment) Bill, 2024 and spoke. Shri T. V. Ibrahim as authorised by Dr. M. K. Muneer seconded the motion and spoke. Shri Vazhoor Soman as authorised by Shri V. Sasi moved an amendment to circulate the Bill for eliciting public opinion and Shri. Thottathil Raveendran as authorised by Shri T. P. Ramakrishnan moved another amendment for referring the Bill to a Select Committee and spoke.

Shri Anoop Jacob moved the ordinance disapproval motion in respect of The Kerala Punchayat Raj (Amendment) Bill, 2024 and spoke. Shri T. Siddique seconded the motion and spoke. Shri I. B. Satheesh moved an amendment to circulate the Bill for eliciting public opinion and Shri Roji M. John moved another amendment for referring the Bill to a Select Committee and spoke.

After the reply by the Minister for Local Self Government, the ordinance disapproval motions were declared lost. The amendments moved were withdrawn by the leave of the House. Then the Motion was adopted and The Kerala Municipality (Amendment) Bill, 2024 and The Kerala Punchayat Raj (Amendment) Bill, 2024 were referred to Subject Committee IX.

ii. The Kerala State Goods and Services Tax (Amendment) Bill, 2024

Shri K. N. Balagopal, Minister for Finance introduced The Kerala State Goods and Services Tax (Amendment) Bill, 2024 and spoke. Shri Thiruvanchoor Radhakrishnan raised objection regarding the moving of the bill for taken into consideration and spoke. The Speaker ruled out the objection. Then the Minister moved that the Bills be referred to Subject Committee VIII.

Shri A. K. M. Ashraf as authorised by Shri K. P. A. Majeed moved the ordinance disapproval motion in respect of The Kerala State Goods and Services Tax (Amendment) Bill, 2024 and spoke. Shri Ramesh Chennithala as authorised by Shri C. R. Mahesh seconded the motion and spoke. Shri N. Samsudheen moved an amendment to circulate the Bill for eliciting public opinion and spoke. Shri K. N. Unnikrishnan as authorised by Shri Antony John moved another amendment for referring the Bill to a Select Committee and spoke.

After the reply by the Minister for Finance, the ordinance disapproval motion was declared lost. Then the amendment for eliciting public opinion was declared lost and the amendment for referring the Bill to a Select Committee was withdrawn by the leave of the House. Then the Motion was adopted and the Bill was referred to Subject Committee VIII.

The House adjourned at 3.54 p.m. to meet again at 9.00 a.m on Friday February 2, 2024.

SHAJI C. BABY,
*Secretary-in-Charge.*